"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ഹെൽത്ത് സർവീസസ് - ജീവനക്കാര്യം - വയനാട് ജില്ലയിലെ പനമരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-II തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.അജിത. എം.ബി.-ക്ക് അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച്, നിലവിലുള്ള ചട്ടത്തിൽ ഇളവ് നൽകി, തിരുവനന്തപുരം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.211/2026/H&FWD തീയതി,തിരുവനന്തപുരം, 06-08-2026

---

പരാമർശം:-

1. സ.ഉ. (പി) 36/1991/ഉ.ഭ.പ.വ. തീയതി 02/12/1991.
2. ശ്രീമതി.അജിത എം.ബി. സമർപ്പിച്ച 03.06.2026 തീയതിയിലെ അന്തർജില്ലാ സ്ഥലം മാറ്റത്തിനായുള്ള അപേക്ഷ.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 29.06.2026 തീയതിയിലെ DCTVM/6806/2026-S6 നമ്പർ കത്ത്
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 08-07-2026, 30-07-2026 എന്നീ തീയതികളിലെ DHS/5313/2026-FWA4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ പനമരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-II തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.അജിത. എം.ബി., ടിയാളുടെ അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച്, നിലവിലുള്ള ചട്ടത്തിൽ ഇളവ് നൽകി, സ്വന്തം ജില്ലയായ തിരുവനന്തപുരം ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു

2. ശ്രീമതി.അജിത. എം.ബി., 12.02.2024-ൽ ജുനിയർ പബ്ലിക് ഹെൽത്ത് നേഴ് ഗ്രേഡ്-II തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. അപേക്ഷകയ്ക്ക് രണ്ട് മക്കളാണുള്ളതെന്നും ഇതിൽ മൂത്തമകൾ നിലവിൽ പ്ലസ് ടു വിന് പഠിക്കുന്നു എന്നും രണ്ടാമത്തെ മകളായ നാല് വയസ്സ് പ്രായം വരുന്ന ക്രിസ്റ്റിന എ. റോജി ജന്മനാ സെറിബ്രൽ പാൾസി രോഗം ബാധിച്ച് പൂർണ്ണമായും കിടപ്പിലായ ഒരു കുട്ടിയാണെന്നും അതീവ ഗുരുതരാവസ്ഥയിലുള്ള 100% ഭിന്നശേഷിക്കാരിയായ

ഈ കുഞ്ഞിന്റെ ചികിത്സയ്ക്കും പരിചരണത്തിനും മാതാവായ അപേക്ഷകയുടെ സാന്നിധ്യം അത്യന്താപേക്ഷിതമാണ് എന്നും അപേക്ഷയിൽ പരാമർശിച്ചിട്ടുണ്ട്. ശ്രീമതി.അജിത. എം.ബി-യുടെ നാല് വയസ്സ് പ്രായം വരുന്ന ക്രിസ്റ്റിന എ. റോജി എന്ന മകൾ ജന്മനാ സെറിബ്രൽ പാൾസി രോഗം ബാധിച്ച് പൂർണ്ണമായും കിടപ്പിലായ ഒരു കുട്ടിയാണ് എന്ന് തെളിയിക്കുന്നതിനായി തിരുവനന്തപുരം ശ്രീചിത്ര ആശുപത്രി, SAT ആശുപത്രി, കിംസ് ആശുപത്രി എന്നിവയിൽ നിന്നുള്ള ട്രീറ്റ്മെന്റ് സർട്ടിഫിക്കറ്റുകൾ/മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ ടിയാൾ ഹാജരാക്കിയിട്ടുണ്ട്.

3. അപേക്ഷക തന്റെ നിവേദനത്തിൽ സൂചിപ്പിക്കുന്ന ജീവിതസാഹചര്യം വാസ്തവമാണെന്ന് പരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ സ്ഥിരീകരിച്ചിട്ടുണ്ട്. അപേക്ഷക ജോലിസ്ഥലത്ത് ആയിരിക്കുമ്പോൾ ടിയാളുടെ മാതാപിതാക്കൾ ആണ് കുഞ്ഞിനെ സംരക്ഷിച്ചു വന്നിരുന്നത് എന്നും എന്നാൽ മാതാപിതാക്കൾ വാർദ്ധക്യ സഹജമായ അസുഖങ്ങൾ ഉള്ളവരും ജീവിതശൈലീ രോഗങ്ങൾക്ക് ചികിത്സയിൽ ആയതിനാലും 100% മകളെ സംരക്ഷിക്കുന്നതിന് മാതാവായ അപേക്ഷകയുടെ സാന്നിദ്ധ്യം അത്യാവശ്യമാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം പി.എസ്.സി. മുഖേന നിയമിക്കപ്പെട്ട ജില്ലയിൽ 5 വർഷം പൂർത്തിയാക്കിയവർക്ക് മാത്രമേ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുവാൻ കഴിയുകയുള്ളു. 12/02/2024-ൽ വയനാട് ജില്ലയിലെ പനമരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-II തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി.അജിത. എം.ബി, വയനാട് ജില്ലയിൽ അഞ്ച് വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ അനുകമ്പാർഹമായ പരിഗണന നൽകി തിരുവനന്തപുരം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കണമെന്നും തിരുവനന്തപുരം ജില്ലയിൽ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി നിലവിൽ ഒരു ഒഴിവ് ലഭ്യമാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി. അജിത. എം.ബി-യുടെ കുഞ്ഞിന്റെയും മാതാപിതാക്കളുടെയും ആരോഗ്യസ്ഥിതി കണക്കിലെടുക്കുമ്പോൾ തിരുവനന്തപുരം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കണമെന്നതിൽ അനുകമ്പാർഹമായ പരിഗണന അർഹിക്കുന്നതായി തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ പനമരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-II തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. അജിത എം.ബി.-ക്ക് ടിയാളുടെ അനുകമ്പാർഹമായ സാഹചര്യം കണക്കിലെടുത്ത്, പരാമർശം (1) സർക്കാർ ഉത്തരവിലെ ഖണ്ഡിക 4 (1)-ലെ വ്യവസ്ഥയിൽ ഇളവ് നൽകി, ഒരു

പ്രത്യേക കേസായി പരിഗണിച്ച്, തിരുവനന്തപുരം ജില്ലയിലേക്ക് അന്തർജില്ലാസ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി.അജിത എം.ബി, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II , സാമൂഹികാരോഗ്യ കേന്ദ്രം, പനമരം, വയനാട് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).
ജില്ലാ കളക്ടർ, തിരുവനന്തപുരം.(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം / വയനാട് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).
മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം, പനമരം, വയനാട് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ),കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി ) വകുപ്പ് (05/08/2026 തീയതിയിലെ ഇനം നമ്പർ 129 പ്രകാരം)
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ (C1/98 /2026 - Health)

ഉത്തരവിൻ പ്രകാരം,

Digitally signed by
Smitha K P
Date: 07-08-2026
12:09:39
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.ആരോഗ്യ-ദേവസ്വം മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.